<u>പതിനാലാം കേരള നിയമസഭ</u>

<u>4-ാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.T 166 07.03.2017-ൽ മറുപടിയ്ക്ക്

## <u>സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമാറ്റിക് ചേഞ്ച്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ.പാറക്കൽ അബ്ദുല്ല :<br>,, എം.ഉമ്മർ<br>,, പി.ബി. അബ്ദുൽ റസ്സാക്ക്<br>,, പി.കെ.അബ്ദു റബ്ബ് : | **ശ്രീ. പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനത്തെയും പ്രത്യാഘാതങ്ങളേയും കുറിച്ച് പഠിക്കുന്നതിന് (എസ്.എ.പി.സി.സി.) സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമാറ്റിക് ചേഞ്ച് എന്ന സമിതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ), (ബി), (സി), (ഡി) & (ഇ) | സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമാറ്റിക് ചേഞ്ച് എന്ന സമിതി നിലവിലില്ല. എന്നാൽ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ പ്രവർത്തന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും സമഗ്രമായ അവലോകനം നടത്തുന്നതിനുമായി 1.07.2009-ൽ സ.ഉ. (സാധാ) നം. 52/09/പരി പ്രകാരം ഒരു സമിതി രൂപീകരിക്കുകയുണ്ടായി. കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിനും അതുമൂലമുണ്ടാകുന്ന നഷ്ടങ്ങൾ കുറയ്ക്കുന്നതിനുമുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും, അനുബന്ധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് പദ്ധതികളുടെ അവലോകനവും ഏകോപ- |
| (ബി) | പ്രസ്തുത സമിതിയുടെ കണ്ടെത്തലുകൾ വിശദമാക്കുമോ; | | |
| (സി) | പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; | | |
| (ഡി) | ഉണ്ടെങ്കിൽ പ്രസ്തുത ഫണ്ടിന്റെ വിനിയോഗ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | | |
| (ഇ) | സംസ്ഥാനം ഈ ഫണ്ട് ചെലവഴിച്ച രീതി വിശദമാക്കുമോ? | | |

നവും നടത്തുന്നതിനുള്ള നോഡൽ ഏജൻസി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തയ്യാറാക്കിയ സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച് 2014-ൽ കേന്ദ്ര പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. കേന്ദ്ര മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ച ആക്ഷൻ പ്ളാനിന്റെ പരിഷ്കരണവും ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപിപ്പിച്ചുള്ള പ്രവർത്തനവും നടന്നുവരുന്നു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട നാഷണൽ/സ്റ്റേറ്റ് ആക്ഷൻ പ്ലാനുകൾ നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ രൂപീകരിച്ച നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് (NAFCC) യിൽ നിന്നും സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള 'അഡാക്' - ന് 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ